**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 146** **22-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ പാർക്കുകളിൽ അതിവേഗ അനുമതിക്ക് ഏകജാലക ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്.ഐ.ഡി.സി യുടെയും കിൻഫ്രയുടെ നിലവിലുള്ള വ്യവസായ ഗ്രോത്ത് സെന്ററുകൾക്കും വ്യവസായ പാർക്കുകൾക്കും നേരത്തേതന്നെ ഏകജാലക ബോർഡുകൾ നിലവിലുണ്ട്. പുതുതായി സ്ഥാപിക്കുന്ന വ്യവസായ പാർക്കുകൾക്കുകൂടി ഏകജാലക ബോർഡുകൾ രൂപീകരിക്കുന്നതായിരിക്കും. |
| (ബി) | സംസ്ഥാനത്തെ വ്യവസായ വികസന പുരോഗതി വിലയിരുത്താൻ സർക്കാർ എന്തൊക്കെ നൂതന നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതി സർക്കാർ വിവിധ ഘട്ടങ്ങളിൽ വിലയിരുത്തുകയും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒരു വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും വിവിധ വകുപ്പുകളിൽനിന്നും സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കേണ്ടതുണ്ട്. കാലഹരണപ്പെട്ടവയും, ആവർത്തനസ്വഭാവമുള്ളവയുമായ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുക, സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിന് വകുപ്പുകൾ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക, സംരംഭകരുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുക എന്നിവ പരമ പ്രധാനങ്ങളാണ്. വ്യാവസായിക അനുമതികൾ നൽകുന്നതിന് വിവിധ വകുപ്പുകൾ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ വിപുലീകരിക്കുകയും മറ്റ് വകുപ്പുകളിൽ പ്രസ്തുത സംവിധാനം ആരംഭിക്കുന്നത് പരിഗണിക്കുന്നതുമാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 1999 ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. വിവിധ വകുപ്പുകൾ ഒരുമിച്ച് പരിശോധനകൾ നടത്തുവാൻ വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇവയെല്ലാം നടപ്പാകുന്നതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതിയുടെ വേഗം കൂട്ടുവാൻ സാധിക്കുന്നതാണ്. കൂടാതെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതിയെ നിയമിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇവയെല്ലാം പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങ്ങും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സംസ്ഥാനത്തെ വ്യവസായവുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിന് നിയമാനുസൃതമായ എന്തൊക്കെ പുതിയ സംവിധാനങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതി സർക്കാർ വിവിധ ഘട്ടങ്ങളിൽ വിലയിരുത്തുകയും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒരു വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും വിവിധ വകുപ്പുകളിൽനിന്നും സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കേണ്ടതുണ്ട്. കാലഹരണപ്പെട്ടവയും, ആവർത്തനസ്വഭാവമുള്ളവയുമായ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുക, സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിന് വകുപ്പുകൾ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക, സംരംഭകരുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുക എന്നിവ പരമ പ്രധാനങ്ങളാണ്. വ്യാവസായിക അനുമതികൾ നൽകുന്നതിന് വിവിധ വകുപ്പുകൾ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ വിപുലീകരിക്കുകയും മറ്റ് വകുപ്പുകളിൽ പ്രസ്തുത സംവിധാനം ആരംഭിക്കുന്നത് പരിഗണിക്കുന്നതുമാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ |

| | | | |
|---|---|---|---|
| | | | പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 1999 ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. വിവിധ വകുപ്പുകൾ ഒരുമിച്ച് പരിശോധനകൾ നടത്തുവാൻ വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇവയെല്ലാം നടപ്പാകുന്നതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതിയുടെ വേഗം കൂട്ടുവാൻ സാധിക്കുന്നതാണ്. കൂടാതെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതിയെ നിയമിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇവയെല്ലാം പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങ്ങും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | എത്ര പുതിയ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളാണ് ഈ അടുത്തകാലത്ത് സംസ്ഥാനത്ത് വന്നത്; ഇതുവഴി എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് വ്യവസായ വകുപ്പ് കണക്കാക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കുള്ള 'MSME Acknowledgement Certificate' K-SWIFT-ൽ കൂടി നൽകിവരുന്നുണ്ട്. ഇതിൽനിന്നും ശേഖരിച്ച വിവരപ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ ഒന്നര വർഷത്തിനിടയ്ക്ക് 11,538 സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്ഥാപിതമായിട്ടുണ്ട്. ഇവയിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം രണ്ടു ലക്ഷത്തോളം തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ